# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഇടവെട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1129/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവെട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1129/2023 തീയ്യതി: 28/12/2023

**ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-02-2023 മുതൽ 24-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 30-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 30-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ എം.യു. സണ്ണി, ഓഡിറ്റ് ഓഫിസർ
ശ്രീ അനിറ്റ പി. സാമുവൽ, അസി.ഓഡിറ്റ് ഓഫിസർ
ശ്രീ ജോസഫ് ചാക്കോ, അസി.ഓഡിറ്റ് ഓഫിസർ
ശ്രീമതി മായാ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോയ്സൻ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ നൗഷാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുൾ സമദ് പി.എം | സെക്രട്ടറി | 01-04-2022 | 12-10-2022 |
| ശ്രീമതി സെറീന പി.എ | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ജി വേണുഗോപാൽ | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ. ഷാലു കെ.എച്ച് | മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിൻസി വർക്കി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജോസൺ ജേക്കബ്ബ് | മെഡിക്കൽ ഓഫിസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീ കണ്ണൻ പി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ദിവ്യ ദിവാകർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ശരത്ത് സി.എം | വി ഇ.ഒ -1 | 01-04-2022 | 31-03-2023 |
| ശ്രീമതി സിജി ശങ്കർ | വി.ഇ.ഒ-2 | 01-04-2022 | 31-03-2023 |
| ഡോ.വികാസ് വിജയൻ | മെഡിക്കൽ ഓഫിസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി ഗീതമ്മ പി,ജി. | ഹെഡ് മിസ്ട്രസ് (ഗവ. എൽ.പി. സ്കൂൾ) | 01-04-2022 | 31-03-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വരവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-4 |
| 6 | ചെലവ് വൗച്ചറുകളെ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളും അതത് രജിസ്റ്ററുകളിലെ സംക്ഷിപ്തംആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | മുൻകൂർ പിരിവ് തുകകൾ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്ത തുകകൾ | 1-3-1 |
| 14 | ഗ്രാന്റ് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പെൻഷൻ | 1-6 |
| 18 | കാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്ത നിയന്ത്രണം | 1-8 |
| 20 | തനത് വിഭവ സമാഹരണം- അവലോകനം | 1-9 |
| 21 | വസ്തു നികുതി കുടിശ്ശിക | 1-10 |
| 22 | വാണിജ്യകെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-11 |
| 23 | നിയമ പ്രകാരമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി | 1-12 |
| 24 | കുടിശ്ശികക്കാരന് കെട്ടിടം തുടർ വർഷവും വാടകക്ക് നൽകി | 1-13 |
| 25 | ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 26 | സ്ക്രാപ്പുകളുടെ ലേലം-തുടർനടപടികളില്ല | 1-15 |
| 27 | ഇ-ടെന്റർ ഫോം വരവുകൾ - പഞ്ചായത്ത് അക്കൗണ്ടിൽ ഉൾപ്പെട്ടുത്തിയില്ല. | 1-16 |
| 28 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവർത്തന സജ്ജമല്ല | 1-17 |
| 29 | ചെമ്പാലശ്ശേരി ഡിപ്പോ റോഡ്-പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-18 |
| 30 | പൊതുമരാമത്ത് പ്രവൃത്തിയുടെ ഗുണനിലവാര തകർച്ച-കരാറുകാരൻ തകരാറുകൾ പരിഹരിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 31 | പി. എച്ച്. സി. യിലേക്ക് ലഭിക്കേണ്ട മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 32 | വൈദ്യുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-21 |
| 33 | ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് ശുഷ്ക്കമാണെങ്കിലും ചെലവ് ചുരുക്കൽ നടപടികൾ സ്വീകരിക്കുന്നില്ല | 1-22 |
| 34 | അനുപൂരക പോഷകാഹാര വിതരണ പദ്ധതി-ജി.എസ്.ടി. അനുവദിച്ചു | 1-23 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 36 | ISO സർട്ടിഫിക്കേഷൻ പുതുക്കൽ-അപാകതകൾ | 1-25 |
| 37 | തൊഴിലുറപ്പു പദ്ധതി-മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമല്ല | 1-26 |
| 38 | ISO സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഫയൽ സജ്ജീകരണം - അപാകതകൾ | 1-27 |
| 39 | ഓഫിസ് നവീകരണം-വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-28 |
| 40 | ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കേരള ഐ.ടി മിഷനിൽ നിന്നും ലഭ്യമായ കമ്പ്യൂട്ടർ മാസങ്ങൾക്കുള്ളിൽ പ്രവർത്തനരഹിതമായി | 1-29 |
| 41 | വനിതകൾക്ക് കറവപ്പശുവിന് കാലിത്തീറ്റ വിതരണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-30 |
| 42 | വീട് വാസയോഗ്യമാക്കൽ പദ്ധതി-പണി പൂർത്തീകരിച്ചില്ല | 1-31 |
| 43 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല | 1-32 |

| | | |
|---|---|---|
| 44 | ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയില്ലാത്ത ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കി | 1-33 |
| 45 | ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിക്കുന്നത് | 1-34 |
| 46 | തൊണ്ടിക്കുഴ യുപി സ്കൂൾ കഞ്ഞിപ്പുര നിർമ്മാണം - അധികം തുക നൽകി | 1-35 |
| 47 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-36 |
| 48 | പദ്ധതി തുകയിൽ നിന്നും TDS കുറവ് ചെയ്തില്ല | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28.12.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-3660554/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9031191/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-4 വരവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.**

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 41710/- Audit Recovery Based On Audit Report (180400203) എന്നതിന് പകരം 312100201 RP-29 Reserves (RP 29) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി.

**1-1-5 ചെലവ് വൗച്ചറുകളെ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല**

വിവിധ ചെലവുകൾ ശരിയായ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്താതെ അക്കൗണ്ട് ഹെഡ് 350109999 (Amount Payable To Other Creditors) ഉൾപ്പെടുത്തി ₹15216571/- ചെലവുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

**1-1-6 വാർഷിക കണക്കുകളും അതത് രജിസ്റ്ററുകളിലെ സംക്ഷിപ്തംആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല**

വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിരിയ്ക്കുന്ന വർഷാവസാന സംക്ഷിപ്തവും (Demand-Collection-Balance) വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് ജീവനക്കാരുടെ തൊഴിൽനികുതി വരവ് വാർഷിക കണക്ക് പ്രകാരം₹519470/- ആകുന്നു. എന്നാൽ രജിസ്റ്ററിൽ പ്രസ്തുത ഇനത്തിന് ₹538220/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യതിയാനം സംബന്ധിച്ച് വ്യക്തതയില്ല.

**1-1-7 നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സോഫ്റ്റ്‌വെയറിൽ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

**1-1-8 മുൻകൂർ പിരിവ് തുകകൾ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തുന്നില്ല**

മുൻകൂറായി ലഭിച്ച തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ പ്രതിമാസം ബന്ധപ്പെട്ട ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

**1-1-9 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല**

വാർഷിക കണക്കിലെ ബി-11 പ്രകാരം ആകെ ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നത് ₹-14,931,868.00 ആകുന്നു. ഡിപ്രീസിയേഷൻ മൈനസ് (-) തുകയിലേയ്ക്ക് വരാനുണ്ടായ കാരണം വ്യക്തമല്ല. തെറ്റായ കണക്കുകളാണ് അവതരിപ്പിച്ചിരിക്കുന്നത് എന്ന് കാണുന്നു. ഈ തുക കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

**1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്കിലെ ബി-4 പത്രിക പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻഡ് തുകകൾ 9,478,636.00 ആകുന്നു. എന്നാൽ ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെയും തനതു ഫണ്ട് ഉൾപ്പെടെയുള്ള തുകകളുടെയും ആകെ നീക്കിയിരിപ്പ് ബി-17 പ്രകാരം ₹9,031,191/- മാത്രമാണ് അവശേഷിക്കുന്നത്.

**1-2 ബജറ്റ്**

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16/03/2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 22/03/2022 ലെ 1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23-ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 16/03/2022 ലെ 1 നമ്പർ തീരുമാനം | 30/01/2023 ലെ 2 നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 22/03/2022 ലെ 1 നമ്പർ തീരുമാനം | 15/02/2023 ലെ 47(I) നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 2227530 | 2994441 |
| വരവ് | 186296500 | 125886337 |
| ആകെ വരവ് | 188524030 | 128880778 |
| ആകെ ചെലവ് | 185686000 | 124258337 |
| മിച്ചം | 2838030 | 4622441 |

**1-3-1 സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്ത തുകകൾ**

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ തുകകൾ വരവായി ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അങ്കണവാടി ഹോണറേറിയം | SCP/TSP എന്നിവയിലേക്ക് പുനക്രമീകരിച്ച തുക | സ.ഉ179/22 തിയതി 18-10-22 പ്രകാരം കുറവ് ചെയ്ത തുക | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 10077000 | 1523511 | 657000 | 52200 | 100770 | 7743519 |
| വികസനഫണ്ട് (SCP) | 3043000 | 341246 | - | | | 2701754 |
| വികസനഫണ്ട് (TSP) | 255200 | 83698 | - | | | 171502 |

**1-3 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| **വികസനഫണ്ട്** പൊതുവിഭാഗം | 0 | 10077000 | 10077000 | 9420711 | |
| എസ്.സി.പി | 0 | 3043000 | 3043000 | 2756246 | |
| റ്റി.എസ്.പി | 0 | 255200 | 255200 | 249600 | |
| **ധനകാര്യകമ്മീഷൻ ഗ്രാന്റ് – TIED** | 1199496 | 2851897 | 4051393 | 1637561 | 2413832 |
| **ധനകാര്യകമ്മീഷൻ ഗ്രാന്റ് – UNTIED** | 49139 | 1687553 | 1736692 | 777382 | 959310 |

| | | | | | |
|---|---|---|---|---|---|
| **സംരക്ഷണ ഗ്രാന്റ്** റോഡ് | 0 | 2218000 | 2218000 | 1780508 | |
| **സംരക്ഷണ ഗ്രാന്റ് നോൺ** – റോഡ് | 0 | 4570000 | 4570000 | 3817946 | |
| ടോട്ടൽ സാനിറ്റേഷൻ | 852236 | 0 | 852236 | 0 | 852236 |
| ഐ.സി.ഡി.എസ്. 320100196 | 358800 | 1024184 | 1382984 | 740682 | 642302 |
| ശുചിത്വമിഷൻ | 19604 | 0 | 19604 | 18480 | 1124 |
| ദേശീയ ആരോഗ്യമിഷൻ | 200000 | 0 | 200000 | 0 | 200000 |
| സാക്ഷരത | 2248 | 29929 | 32177 | 29850 | 2327 |
| നിർമ്മൽ പുരസ്ക്കാരം | 175855 | 17895 | 193750 | 0 | 193750 |
| ബയോഡൈവേഴ്സിറ്റി | 500000 | 0 | 500000 | 649 | 499351 |
| ശുചിത്വമിഷൻ ഗ്രാന്റ് | 25000 | 0 | 25000 | 0 | 25000 |
| എം.വി.ഐ.പി. 320300199 | 648867 | 1820000 | 2468867 | 1965000 | 503867 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320400199 | 750000 | 8095 | 758095 | 649 | 757446 |
| എം.എൻ. ലക്ഷം വീട് 320800199 | 425801 | 6549 | 432350 | 290000 | 142350 |
| പകർച്ചവ്യാധി നിയന്ത്രണം | 10000 | 0 | 10000 | 0 | 10000 |
| അവാർഡ് | 38002 | 0 | 38002 | 0 | 38002 |
| ടോട്ടൽ സാനിറ്റേഷൻ | 30085 | 12000 | 42085 | 12649 | 29436 |
| ക്യാറ്റിൽ ഡവലപ്മെന്റ് | 0 | 2929 | 2929 | 0 | 2929 |
| ശുചിത്വമിഷൻ | 25000 | 0 | 25000 | 0 | 25000 |
| കോവിഡ് ഡൊണേഷൻ | 10000 | 0 | 10000 | 0 | 10000 |
| ഹോണറേറിയം-മെമ്പേഴ്സ് | 38460 | 0 | 38460 | 0 | 38460 |
| ആർ.ജി.എസ്.എ. | 0 | 400000 | 400000 | 400000 | 0 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 73753964 | 115 | 31685172 | 0 | 24 | 82.73 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 45 | 33 | 10372334 | 6789762 | 12 | 65.46 |
| 2. | അസി. എൻജിനീയർ | 30 | 25 | 9397093 | 5817166 | 5 | 61.90 |
| 3. | വെറ്ററിനറി സർജൻ | 6 | 5 | 3424000 | 1488851 | 0 | 43.48 |
| 4. | കൃഷി ഓഫീസർ | 8 | 8 | 1419263 | 887816 | 0 | 62.55 |
| 5. | എം. ഒ. സി. എച്ച്. സി. | 8 | 6 | 2062324 | 1688613 | 2 | 81.87 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | ഐ.സി.ഡി.എസ് | 12 | 9 | 4781839 | 3815507 | 3 | 79.79 |
| 7. | വി.ഇ.ഒ | 24 | 24 | 40369111 | 9914402 | 0 | 24.56 |
| 8. | എം. ഒ. ഹോമിയോ | 1 | 1 | 200000 | 200000 | 0 | 100 |
| 9. | ഹെഡ്മാസ്റ്റർ, എൽ. പി. സ്ക്കൂൾ | 2 | 2 | 664000 | 444000 | 0 | 66.86 |
| 10. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 575000 | 541398 | 0 | 94.16 |
| 11. | ഫിഷറീസ് ഇൻസ്പെക്ടർ | 2 | 1 | 489000 | 97657 | 1 | 19.97 |
| | **ആകെ** | **139** | **115** | **73753964** | **31685172** | 24 | 42.96 |

സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹73753964/-ന്റെ 42.96% (₹31685172/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസി. എഞ്ചിനീയർ, വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്.

വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാൻറിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് ശുഷ്ക്കമാണെങ്കിലും തനതു ഫണ്ടിൽ നിന്നും ₹4104077/- വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ തനതു ഫണ്ടിന്റെ അപര്യാപ്തതമൂലം പല പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 56665 | 983605 | 1040270 | 983605 | 56665 |
| തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 13804395 | 13804395 | 13804395 | 0 |

## 1-6 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 5074400 | 498 |
| വാർദ്ധക്യകാലപെൻഷൻ | 14419200 | 1403 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 1758200 | 26 |
| അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | 268800 | 26 |
| കർഷകത്തൊഴിലാളി പെൻഷൻ | 2737600 | 486 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

**1-7 കാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹56183/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്ത നിയന്ത്രണം**

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം സിഡ്കോ വഴി വാങ്ങിയ ഫർണീച്ചറുകളും ഉപകരണങ്ങളും സ്റ്റോക്ക് എൻട്രി വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യക രജിസ്റ്റർ പരിപാലിക്കുന്നില്ല.

**1-9 തനത് വിഭവ സമാഹരണം- അവലോകനം**

വസ്തു നികുതി

തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 22-03-2023 ലെ സ.ഉ. (കൈ)നം. 77/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 2023-24 മുതൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നതും നടപ്പാക്കിയതുമായ കാര്യങ്ങൾ ഉൾപ്പടെ പരിശോധിക്കുകയുണ്ടായി. കണക്കുകളുമായി ബന്ധപ്പെട്ട് സാങ്കേതിക പിഴവുകളോ ഓൺലൈൻ സംവിധാനത്തിലെ പിഴവുകളോ ഉണ്ടായിട്ടില്ല. എന്നാൽ ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

വസ്തു നികുതി സംബന്ധമായി പൊളിച്ചു മാറ്റപ്പെട്ട കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്. തറവിസ്തീർണ്ണം വർദ്ധിപ്പിച്ചതും കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്കും നികുതി വർദ്ധിപ്പിക്കുന്ന കാര്യം വിവിധ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങളിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫീൽഡ് തല പരിശോധന നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. സഉ.(കൈ)നം.179/2022 ധന.ഉത്തരവ് പ്രകാരം നികുതി പിരിവ് 100% എന്ന ലക്ഷ്യം കൈവരിക്കാത്ത പക്ഷം പഞ്ചായത്തുകളിലെ വികസന ഫണ്ട് ജനറലിനായി അനുവദിച്ച തുകയുടെ 1% കുറവായേ ലഭ്യമാകുകയുള്ളു. ആയതിനാൽ പഞ്ചായത്തിലെ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അടിയന്തിര

പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണ്. 2022-23 വർഷം സഞ്ചയ പ്രകാരം ₹335186/- വസ്തു നികുതിയിനത്തിൽ കുടിശ്ശികയായുണ്ട്. ക്യാമ്പ് കളക്ഷൻ, ഫീൽഡ് സന്ദർശനം തുടങ്ങിയ നടപടികളിലൂടെ കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

01-04-2023 മുതൽ വസ്തു നികുതി 5% വർദ്ധിച്ച് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്ത് വന്നിട്ടുണ്ട്.31-03-2023 വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് 5% വർദ്ധനവ് വരുത്തിയുള്ള പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സർവ്വേ നടത്തുന്ന ഉദ്യോഗസ്ഥരെ തെരെഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചെങ്കിലും ആരും തയ്യാറായി എത്തിയിട്ടില്ലെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. ആയതിനാൽ പുതുക്കിയ വസ്തു നിരക്ക് സംബന്ധമായ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നു. സർവ്വേ നടപടികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തിലെ വസ്തു നികുതി രജിസ്റ്ററുകളിലെയും സോഫ്റ്റ് വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. നിലവിൽ വസ്തു നികുതി സംബന്ധമായ ഡാറ്റ- പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തിട്ടുണ്ട്. 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് പ്രദേശത്തിന്റെ വികസനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവും ഇളവും കൃത്യമാക്കിയിട്ടുണ്ട്.

നികുതി ഇളവ് സംബന്ധിച്ച അപേക്ഷകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കൂടാതെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്ററോ മറ്റു രേഖകളോ സൂക്ഷിക്കുന്നില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി എല്ലാ കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തുന്ന സമയത്ത് അപ്രകാരമുള്ള നിർമ്മാണങ്ങൾക്ക് എതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത നിർമ്മാണം, ചട്ട വിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നടത്തുന്ന നിർമ്മാണം എന്നിവ സംബന്ധമായ ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നതിനും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകിരിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. നികുതി പിരിവ് എല്ലാ മാസവും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിലയിരുത്തേണ്ടതും തൊട്ടടുത്ത കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്.

<u>സേവന ഉപനികുതി</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം,ശുചിത്വ പരിപാലനം,തെരുവു വിളക്കുകൾ,ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി ,സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

പെർമ്മിറ്റ് ലഭിച്ച് നിർമ്മാണം പൂർത്തിയാക്കുന്ന വാണിജ്യ കെട്ടിടങ്ങൾ തറവിസ്തീർണ്ണം വിഭജിച്ച് ഓരോ മുറികളായി കെട്ടിട നമ്പർ നൽകുന്ന രീതി പഞ്ചായത്തിൽ അവലംബിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിന് ഇതിനാൽ വൻ സാമ്പത്തിക നഷ്ടം ഇല്ലെങ്കിലും വലിയ കെട്ടിട നിർമ്മാണത്തിന് ഇത്തരം രീതി

അവലംബിച്ചാൽ വിസ്തീർണ്ണം കുറഞ്ഞ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നികുതി മാത്രമേ ഈടാക്കാൻ സാധിക്കൂ.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ്ങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിങ്ങനെഉള്ളവരിൽ നിന്ന് നികുതി ഈടാക്കുന്നില്ല. ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ്

പഞ്ചായത്ത് പരിധിയിൽ 678 കെട്ടിങ്ങൾ വ്യാപാര സ്ഥാപനം എന്ന നിലയിൽ കരമടച്ച് വരുന്നതായി വസ്തു നികുതി പരിശോധിച്ചപ്പോൾ വ്യക്തമായി. എന്നാൽ 146 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. എല്ലാ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം കൃത്യമായി കണ്ടെത്തി അവയ്ക്ക് നോട്ടീസ് നല്കേണ്ടതും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും, തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളെയും പദ്ധതികളെയും സംബന്ധിച്ച ചർച്ചകൾ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. തനത് വരുമാനച്ചോർച്ച ഒഴിവാക്കുന്നതിനായി തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറവ് ചെയ്യേണ്ടതാണ്. പൊതു ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി മാത്രം വെള്ളക്കരം അടവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-10 വസ്തു നികുതി കുടിശ്ശിക

പഞ്ചായത്തിലെ വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിച്ചപ്പോൾ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയായുണ്ട് എന്ന് കണ്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വസ്തു നികുതി തരം | കുടിശ്ശിക ₹ (സഞ്ചയ പ്രകാരം) |
|---|---|
| പാർപ്പിടം (തൻ വർഷം) | 96993 |
| പാർപ്പിടം (കുടിശ്ശിക) | 90550 |
| പാർപ്പിടേതരം (തൻ വർഷം) | 59122 |
| പാർപ്പിടേതരം (കുടിശ്ശിക) | 88521 |
| **ആകെ വസ്തു നികുതി കുടിശ്ശിക** | 335186/- |

2022-23 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതി പരിവ് ₹60,00,000/- ആയിരുന്നു. എന്നാൽ ₹4784775/- മാത്രമാണ് തൻ വർഷ വരവ്. സ.ഉ. (കൈ)നം.179/2022/ധന. തീ.18-10-2022 പ്രകാരം റവന്യൂ വരുമാനത്തിൽ ഡിമാന്റ് തുകയിൽ 90% പിരിവ് കൈവരിക്കാനാവാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് (ജനറൽ) ന്റെ 1% കുറവ് മാത്രമേ അടുത്ത സാമ്പത്തിക വർഷം ലഭ്യമാവുകയുള്ളൂ. ഇപ്രകാരം 2021-22 വർഷം റവന്യൂ പിരിവ് കുറവായതിന്റെ അടിസ്ഥാനത്തിൽ ₹100770 കുറവ് ചെയ്താണ് വികസനഫണ്ട് (ജനറൽ) മൂന്നാംഗഡു 2022-23 വർഷം (തന്നാണ്ടിൽ) ലഭിച്ചത്. ആയതിനാൽ പഞ്ചായത്തിലെ തനത് വരുമാനത്തിന്റെ സിംഹഭാഗം ഉൾക്കൊള്ളുന്ന വസ്തു നികുതി പിരിവിലെ കുറവ് ഇത്തരത്തിൽ

വികസന ഫണ്ട് ലഭ്യതയെ ബാധിക്കുകയും തദ്വാരാ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് ഇല്ലാതാകുന്നതിനും കാരണമായേക്കാം എന്നതിനാൽ ടി അപാകതയിലേക്ക് ധനകാര്യ സ്ഥാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ക്യാമ്പ് കളക്ഷൻ, ഫീൽഡ് പിരിവ് എന്നീ മാർഗ്ഗങ്ങളിലൂടെ കൃത്യമായി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വാണിജ്യകെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, ഉപവകുപ്പുകൾ 2, 7, 9, 2011-ലെ പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യകെട്ടിടം മുറികളായി തിരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കെട്ടിടങ്ങളായി കണക്കാക്കാതെ നികുതി നിർണ്ണയിക്കേണ്ടതാണ്. 2022-23 വർഷം നിർമ്മാണം പൂർത്തിയാക്കിയ (സഞ്ചയ പ്രകാരം) 100 ച. മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ (നികുതി നിരക്ക് ₹65/- ച. മീ.) വ്യാപാരാവശ്യത്തിനായി വിഭജിച്ച് കെട്ടിട നമ്പർ നൽകിയപ്പോൾ സഞ്ചയയിൽ 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിരക്ക് (₹50/- ച. മീ.) കുറവായി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ വിവരം | കെട്ടിട നം. | വിസ്തീർണ്ണം (ച. മീ.) |
|---|---|---|---|
| 1 | എൻ. പി. പോൾ,<br>നെടുങ്കല്ലേൽ | X/122E<br>X/122F | 65.47<br>65.49 |
| 2 | മുഹമ്മദ് കുട്ടി, ഇടത്തോൾ | I/251A<br>I/251B | 53.62<br>54.31 |
| 3 | ഇസ്മയിൽ, റസീന,<br>പുതുപറമ്പിൽ | VII/2A<br>VII/2B<br>VII/2C<br>VII/2D<br>VII/2E | 56.86<br>40.12<br>19.98<br>42.58<br>40.65 |
| 4 | പ്രസിഡന്റ്, ചെമ്പലശ്ശേരി മുഹിയിദ്ദീൻ<br>ജുമാ മസ്ജിദ് | 13/207A<br>13/207B<br>13/207C<br>13/207D | 19<br>19<br>20.34<br>59.42 |
| 5 | വികാർ ജോർജ്ജ് കത്തനാർ,<br>ഐപ്പ് പാറ വർക്കി | 6/14A<br>6/14B<br>6/14C | 40.25<br>40.25<br>40.25 |

അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

2) (2013 സഞ്ചയ അസെസ്മെന്റ് പ്രകാരം) 100 ച. മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ (നികുതി നിരക്ക് ₹65/- ച. മീ.) വ്യാപാരാവശ്യത്തിനായി വിഭജിച്ച് കെട്ടിട നമ്പർ നൽകിയപ്പോൾ സഞ്ചയയിൽ 100 ച. മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിരക്ക് (₹58/- ച. മീ.) കുറവായി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഉടമയുടെ വിവരം** | **കെട്ടിട നം.** | **വിസ്തീർണ്ണം (ച.മീ.)** |
|---|---|---|---|
| 1 | ജബ്ബാർ രാജ്,<br>ഉക്കിണി വീട്ടിൽ | I/242 D<br>I/242 E | 15.62<br>16.7 |

| | | | |
|---|---|---|---|
| | | I/242 F<br>I/242 G<br>I/242 E<br>I/242 F | 17.34<br>16.7<br>16.7<br>17.34 |
| 2 | സുലൈമാൻ,<br>റെനിയാ ബഷീർ,<br>പാലിയത്ത് | XIII/187<br>XIII/190<br>XIII/193<br>XIII/194 | 27.5<br>27.43<br>27.43<br>27.43 |
| 3 | പോൾ പൗലോസ്, നെടുങ്കല്ലേൽ | 12/57D<br>12.57D1<br>12.57D2<br>12.57D3<br>12.57D4<br>12.57D5<br>12.57D6 | 70.75<br>24.84<br>24.84<br>46.24<br>22.54<br>25.08<br>23.43 |
| 4 | എൻ. പി. ഇബ്രാഹിം,<br>നെടുങ്കല്ലേൽ | XII/69A<br>XII/70 | 65<br>46 |
| 5 | കമറുദ്ദീൻ, ജസിയ<br>കല്ലുംപുറത്ത് | XI/83F<br>XI/83G<br>XI/83H<br>XI/83J | 43.22<br>22.85<br>15.31<br>26.42 |
| 6 | സജിത ജബ്ബാർ<br>കല്ലുംപുറത്ത് | XI/79.17<br>XI/83B | 79.17<br>26.39 |
| 7 | ഹമീദ് നെല്ലിശ്ശേരിൽ ഹനീഫ | XI/298A<br>XI/298A1<br>XI/298A2<br>XI/298A3<br>XI/298A4 | 14.03<br>23.065<br>23.065<br>23.065<br>23.065 |
| 8 | എൻ. പി. പോൾ<br>നെടുങ്കല്ലേൽ | X/122B<br>X/122E<br>X/122F | 32.84<br>65.47<br>65.49 |
| 9 | തോമസ് ജോസഫ്,<br>ഷിബു ജോസഫ്<br>ചേലക്കണ്ടത്തിൽ | X/167A1<br>X/167A2<br>X/167A3<br>X/167A4<br>X/167A5<br>X/167A6<br>X/167A7<br>X/167A8 | 50.41<br>49.41<br>31.56<br>26.02<br>26.02<br>26.52<br>26.02<br>22.55 |
| 10 | ഇസ്മയിൽ, റസീന റിയാസ്, പുതുപ്പറമ്പിൽ | VII/2A<br>VII/2B | 56.86 |

| | | | |
|---|---|---|---|
| | | VII/2C<br>VII/2D<br>VII/2E | 40.12<br>19.98<br>42.58<br>40.65 |
| 11 | ഷിബു അഗസ്റ്റിൻ<br>മാടവന | VII/10C1<br>VII/10C2<br>VII/10C3<br>VII/10C4<br>VII/10C5<br>VII/10C6 | 20.92<br>20.92<br>20.92<br>20.92<br>20.92<br>20.92 |
| 12 | ജോർജ്ജ് മാത്യു<br>ഇടശ്ശേരിൽ | VII/15/18<br>VII/15/19<br>VII/15/20<br>VII/15/21<br>VII/15/22<br>VII/15/23<br>VII/15/24<br>VII/15/25 | 30.53<br>30.53<br>30.53<br>30.53<br>30.53<br>30.53<br>30.53<br>30.53 |
| 13 | പോൾ നെടുങ്കല്ലേൽ | 12/57 E1<br>12/57 E2<br>12/57 E3<br>12/57 E4<br>12/57 E5<br>12/57 E6<br>12/57 E7<br>12/57 E8 | 27.56<br>25.19<br>25.19<br>25.19<br>25.19<br>21.79<br>88.61<br>22.54 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവ ഉൾപ്പടെ ഇത്തരത്തിൽ കുറവായി നിർണ്ണയിച്ചവയുടെ നികുതി പരിഷ്കരിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

3) വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ എന്ന ഇനത്തിൽ പെടുത്തി നികുതി കുറവായി ഈടാക്കുന്ന വലിയ കെട്ടിങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നികുതി ₹ | ഈടാക്കേണ്ട നികുതി ₹ |
|---|---|---|---|---|---|
| 1 | 1/311 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | 36 | 50 | 58<br>(100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ) |
| 2 | 1/315 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | 82 | 50 | ,, |
| 3 | 1/247 | എം. കെ. ബഷീർ, കള്ളിക്കുന്നേൽ | 21 | 50 | ,, |

| | | | | | |
|---|---|---|---|---|---|
| 4 | 7/281 | റവ.ഫാദർ, സെന്റ് ജോർജ്ജ് ചർച്ച് | 152 | 50 | 65 (100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ) |
| 5 | 9/174 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | 135 | 50 | ,, |
| 6 | 9/175 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | 135 | 50 | ,, |
| 7 | 10/27 | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക് | 602 | 50 | ,, |

പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിരക്ക് പരിഷ്കരിച്ച് നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 നിയമ പ്രകാരമല്ലാത്ത കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി

നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ ഗണത്തിൽ പെടുത്തി പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകുവാനുള്ള കാരണം വ്യക്തമല്ല.

| ക്രമ നം. | ഉടമയുടെ വിവരം | കെട്ടിട നം. | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | അസി. എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്റ്റ് ഡിവിഷൻ, കട്ടപ്പന | 8/253A | 145.17 |
| 2 | അസി.എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്റ്റ് ഡിവിഷൻ, കട്ടപ്പന | 8/253B | 114 |
| 3 | സിദ്ദിക്ക്, തൊട്ടിപ്പറമ്പിൽ | 11/14B | 152.52 |

ഈ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കുടിശ്ശികക്കാരന് കെട്ടിടം തുടർ വർഷവും വാടകക്ക് നൽകി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള IV/65D നമ്പർ കെട്ടിടം സിന്ധു ബിജു, മഞ്ഞപ്പള്ളിക്കുന്നേൽ എന്ന വ്യക്തിക്ക് 2021-22 ൽ വാടകയ്ക്ക് നൽകിയിരുന്നു. ടി വ്യക്തി വാടകകുടിശ്ശിക വരുത്തി, വർഷാവസാനമാണ് തുക മുഴുവനായി അടച്ചിട്ടുള്ളത്. പിന്നീട് കരാർ ചമക്കാതെ തന്നെ ഇതേ വ്യക്തിക്ക് 2022-23-ൽ പ്രതിമാസം ₹4961/-+ ₹894/-ജി. എസ്. ടി. എന്ന പ്രകാരം വാടകയ്ക്ക് നൽകി. 2022 സെപ്റ്റംബർ മാസം 26 നാണ് ടിയാൾ പഞ്ചായത്തുമായി കരാർ ചമച്ചിട്ടുള്ളത്. 2022-23 വർഷം വാടക അടവാക്കാത്തതിനാൽ ₹44649 വാടക + ₹8046 ജി. എസ്. ടി. + ₹3349 പലിശ + ₹708/- ഡെപ്പോസിറ്റ് എന്നിങ്ങനെ ആകെ ₹56752/- ടിയാൾക്ക് കുടിശ്ശികയുണ്ട്. 2023-24 ലും പഞ്ചായത്തുമായി കരാർ ചമയ്ക്കാതെ തന്നെ ടിയാൾക്ക് കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ട്. നാളിതു വരെ ടിയാൾ വാടക അടവാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/26-10-2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് മഹാമാരി മൂലം 2021-22 ൽ സർക്കാർ വാടകക്കാർക്ക് അനുവദിച്ച വാടക ഇളവ് കിഴിച്ചുള്ള തുകയാണ് 2022 മാർച്ചിൽ ടി വ്യക്തി അടവാക്കിയത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. 2022 മാർച്ചിൽ കരാർ പുതുക്കുന്ന വേളയിൽ മുദ്രപ്പത്രം ലഭ്യമാകാത്തതിനാലാണ്

ടിയാൾ കരാർ സെപ്റ്റംബർ മാസത്തിൽ പുതുക്കാനിടയായത് എന്നും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. വാടകക്കാരൻ ടി കെട്ടിടത്തിൽ നടത്തിയിരുന്ന തുണി സഞ്ചി വിൽപന കുറഞ്ഞതിനാലാണ് കുടിശ്ശിക വന്നതെന്നും പഞ്ചായത്തിൽ നിന്ന് കുടിശ്ശിക അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഗഡുക്കളായി ഒക്ടോബറിനുള്ളിൽ അടവാക്കുമെന്നും പലിശ ഒഴിവാക്കണമെന്നുമുള്ള വാടകക്കാരിയുടെ കത്തു പ്രകാരമാണ് ടിയാൾക്ക് തുക അടവാക്കുന്നതിന് സാവകാശം നൽകിയതെന്നും 2023-24 ലും ടിയാൾക്ക് തന്നെ മുറി വാടകയ്ക്ക് നൽകിയതെന്നും മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു.

മറ്റു കരാറുകാർ മാർച്ചിൽ തന്നെ കരാർ പുതുക്കിയതായി കാണുന്നതിനാൽ മുദ്രപ്പത്രത്തിന്റെ ലഭ്യതക്കുറവാണ് വാടകക്കരാർ പുതുക്കാൻ വൈകിയതിനു നിദാനമെന്ന മറുപടി സ്വീകാര്യമല്ല. കുടിശ്ശിക വരുത്തിയ വ്യക്തിക്കു തന്നെ തുടർ വർഷവും കെട്ടിടം വാടകയ്ക്ക് നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2022-23 വർഷം കുടിശ്ശിക ₹56752/- നിലനിൽക്കെ അതേ വ്യക്തിക്ക് മുറി വാടകയ്ക്ക് നൽകിയിരിക്കുന്നു. കുടിശ്ശിക തുക വാടക ₹56752/- വാടകക്കാരനിൽ നിന്ന് അടിയന്തിരമായി ഈടാക്കേണ്ടതാണ് അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. തൊടുപുഴ മുനിസിപ്പാലിറ്റിയുടെ അതിർത്തിയായി വരുന്ന ഇടവെട്ടി പഞ്ചായത്തിൽ 146 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. വസ്തു നികുതി സഞ്ചയ രജിസ്റ്ററിന്റെ പരിശോധനയിൽ വിവിധ ഗണത്തിൽ ഉൾപ്പെട്ട താഴെ സൂചിപ്പിക്കുന്ന പ്രകാരമുള്ള കെട്ടിടങ്ങൾ വാണിജ്യ സ്ഥാപനങ്ങൾ എന്ന നിലയിൽ കരമടയ്ക്കുന്നതായി കണ്ടെത്തി.

| **സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഗണം** | **എണ്ണം** |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗൺ മുതലായവ | 469 |
| വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗൺ മുതലായവ | 22 |
| വാണിജ്യാവശ്യത്തിനുള്ള 200 ച. മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് മാളുകൾ മുതലായവ | 8 |
| ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, കമ്പ്യൂട്ടർ സെന്റർ | 9 |
| ലോഡ്ജ്, അസംബ്ലി കെട്ടിടം | 34 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് | 99 |
| ഇതര വ്യവസായം | 37 |

ഇവയിൽ പ്രവർത്തനമില്ലാതെ ഒഴിവായി കിടക്കാൻ സാധ്യതയുള്ള കെട്ടിങ്ങളും പല മുറികളിലായി ഒരേ സ്ഥാപനം പ്രവർത്തിക്കാനിടയുള്ളവയും ഒഴിവാക്കിയാലും പഞ്ചായത്തിൽ ആകെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നാലിലൊന്ന് പോലും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ ട്രേഡ്സ്

ലിസ്റ്റ് സൂക്ഷിക്കുന്നില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/30-10-23) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുവെന്നും ലൈസൻസ് എടുക്കാത്തവയ്ക്ക് പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ഇപ്രകാരം വരുമാന ചോർച്ച ഉണ്ടാകുന്നത് തടയുന്നതിലേക്ക് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1-15 സ്ക്രാപ്പുകളുടെ ലേലം-തുടർനടപടികളില്ല**

1. പ്രളയത്തിൽ തകർന്ന കമ്പിപ്പാലം

പ്രളയത്തിൽ തകർന്ന വാർഡ് 9 ലെ കമ്പിപ്പാലം ലേലം ചെയ്തു നൽകുന്നതിന്റെ ഭാഗമായി അസി.എഞ്ചിനിയർ പരിശോധിച്ച് ₹214185/- യുടെ മൂല്യം നിർണ്ണയിച്ച് നൽകിയിരുന്നു. പ്രസ്തുത മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കമ്പിപ്പാലം ലേലം ചെയ്തു നൽകുന്നതിനായി 12.10.2022 ലെ 7/2 നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. തുടർന്ന് ലേലനടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ല. മൂല്യ നിർണ്ണയ തുക അധികരിച്ചു വന്നിട്ടുള്ളതിനാൽ എക്സി.എഞ്ചിനിയറുടെ അംഗീകാരം വാങ്ങണമെന്നും ആയതിന് കമ്പിപ്പാലം പഞ്ചായത്തിന്റ ആസ്തിയിൽ ഉൾപ്പെടുന്നതാണെന്നുമുള്ള രേഖകൾ ഹാജരാക്കണമെന്നുള്ള അസി.എക്സി.എഞ്ചിനിയറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി പാലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായിരുന്നതു സംബന്ധിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നുമാണ് ലേല നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/28.10.23) മറുപടിയായി സെക്രട്ടറി അറിയിച്ചത്. ₹214185/- മൂല്യം നിർണ്ണയിച്ചിട്ടുള്ള കമ്പിപ്പാലത്തിന്റെ അവശിഷ്ടങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും ലേലം ചെയ്തു നൽകാതെ നശിച്ചുപോകാൻ അനുവദിക്കുന്നത് ഗ്രാമ പഞ്ചായത്തിന്റ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ലേല നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

2. വാർഡ് 9 ലെ അംഗൻവാടിയിൽ സൂക്ഷിച്ചിരിക്കുന്ന ഇരുമ്പു കസേരകൾ

വാർഡ് 9 ലെ അംഗൻവാടിയിൽ സൂക്ഷിച്ചിരിക്കുന്ന ഇരുമ്പു കസേരകൾ ലേലം ചെയ്യുന്നതിന് മൂല്യ നിർണ്ണയം എടുക്കുന്നതിനായി 22.04.2022 ലെ 16/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അസി. എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു.

പ്രസ്തുത പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള ലേല നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം ലേല നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

**1-16 ഇ-ടെണ്ടർ ഫോം വരവുകൾ - പഞ്ചായത്ത് അക്കൗണ്ടിൽ ഉൾപ്പെടുത്തിയില്ല.**

കരാറുകാർക്ക് ഇ-ടെണ്ടർ ഫോം ഫീസുകൾ നിക്ഷേപിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ഇടവെട്ടിയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇടവെട്ടി ബ്രാഞ്ചിൽ ഒരു അക്കൗണ്ട് നം.37696314148 (1.1.2019) തുറന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ 31.3.2023-ൽ ₹127124/- നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. അക്കൗണ്ടിൽ ഉണ്ടാവേണ്ട മിനിമം ബാലൻസ് കഴിച്ച് ബാക്കി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടതാണ്. 1.1.2015 മുതൽ 31.12.2018 വരെ കാലയളവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഇ-ടെണ്ടർ ഫോം ഫീസുകൾ ആകെ ₹55056/- തിരികെ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് 6.7.2022-ൽ ഡി.ബി. ജനറൽ/2013 കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല. ഈ തുകകകൾ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ട് വരവിൽ കൂട്ടേണ്ടതും വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-17 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവർത്തന സജ്ജമല്ല**

പഞ്ചായത്തിലെ എല്ലാ റോഡുകളെയും ഉൾപ്പെടുത്തി കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻവർഷം റോഡ് കണക്ടിവിറ്റി മാപ്പിംഗ് (91/23) എന്ന പദ്ധതി തയ്യാറാക്കിയിരുന്നു. പഞ്ചായത്തിലെ എല്ലാ റോഡുകളുടെയും പൂർണ്ണമായ വിവരങ്ങൾ (നീളം, വീതി, തരം) ഉൾപ്പെടുത്തുന്നതിനും ജി.പി.എസ്. സംവിധാനത്തിലൂടെ റോഡുകളുടെ ലൊക്കേഷൻ മാപ്പ് ചെയ്യുന്നതിനും സചിത്ര സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിപ്രകാരം R-Track എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ പഞ്ചായത്തിലെ റോഡുകളുടെ ലൊക്കേഷൻ മാപ്പ് ചെയ്തിട്ടുണ്ട്. ഇതിനായി ചെക്ക് നമ്പർ 850210 തീ. 8/3/23/₹38610/- + IT ₹390/- ആകെ ₹39000/- തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സചിത്ര (ആസ്തി രജിസ്റ്റർ) സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്യാൻ സാധിച്ചിട്ടില്ല. റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള കൂട്ടിച്ചേർക്കലുകൾ സാധിക്കുന്നില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ഈ ആപ്ലിക്കേഷൻ പ്രവർത്തന സജ്ജമല്ല. റോഡ് കണക്ടിവിറ്റി മാപ്പ് പ്രവർത്തനക്ഷമമാക്കി റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ സജ്ജമാക്കേണ്ടതാണ്.

**1-18 ചേമ്പാലശ്ശേരി ഡിപ്പോ റോഡ്-പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല**

ഇടവെട്ടി ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിരുന്ന ചേമ്പാലശ്ശേരി ഡിപ്പോ റോഡ് ഓട നിർമ്മാണം എന്ന പ്രവൃത്തി (പ്രോജക്ട് നം.28/23) ശ്രീ. ജോർജ്ജ് കുട്ടി പാറടിയിൽ എന്ന കരാറുകാരൻ 15.03.2022ൽ കരാർ വച്ച് ഏറ്റെടുത്തിരുന്നെങ്കിലും (0.1% ടെണ്ടർ കുറവ്) 2022-23 സാമ്പത്തിക വർഷാവസാനമായിട്ടും നടപ്പിലാക്കിയിരുന്നില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ തുക നഷ്ടമാകുമെന്ന് പല തവണ അറിയിപ്പുകൾ നൽകിയിട്ടും കരാറുകാരൻ വേല പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി രണ്ടാമതായി ക്വോട്ട് ചെയ്ത ശ്രീ. ഹൈദ്രു എന്നയാളെ കൊണ്ട് (5% Above) പദ്ധതി പൂർത്തീകരിപ്പിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (21.03.2023-ലെ 7/2 നം തീരുമാനം). പണി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ നിരതദ്രവ്യവും ജാമ്യ നിക്ഷേപമായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള ₹15500/-യും തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെയും കരാറുകാരനെതിരെ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/27.10.23) തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാർ ലംഘനം മൂലം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-19 പൊതുമരാമത്ത് പ്രവൃത്തിയുടെ ഗുണനിലവാര തകർച്ച-കരാറുകാരൻ തകരാറുകൾ പരിഹരിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയില്ല**

2020-21 വർഷം അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള എം.വി.ഐ.പി ഡിപ്പോ കനാൽ റോഡ്, എം.വി.ഐ.പി ചാലംകോട് അമ്പലം റോഡ് എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത് ശ്രീ ജോസഫ് മാത്യു, വടക്കേൽ എന്ന കരാറുകാരനായിരുന്നു. 30.10.2020-ൽ കരാർ വച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ഗാരന്റി പീരിയഡ് 10.03.2021 മുതൽ 10.03.2023 വരെയായിരുന്നു. പ്രസ്തുത റോഡുകൾ ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ പൊട്ടി പൊളിഞ്ഞു പോയെന്ന പരാതിയെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ റോഡുകൾ ഉപയോഗ യോഗ്യമല്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു. കരാർ വ്യവസ്ഥ പ്രകാരം ഗ്യാരന്റി പീരിയഡിനുള്ളിൽ സംഭവിക്കുന്ന തകരാറുകൾക്ക് പൂർണ്ണ ഉത്തരവാദിത്വം കരാറുകാർക്കായതിനാൽ പ്രസ്തുത പ്രവൃത്തികളുടെ നിരതദ്രവ്യവും ജാമ്യ നിക്ഷേപവും തനതു ഫണ്ടിലേക്ക് മുതൽ കൂട്ടി കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് 12.10.2022-ലെ 4/1 നമ്പർ ആയി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. കരാറുകാരനെതിരെ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം5/27.10.23) കരാറുകാരൻ അറ്റകുറ്റ പണികൾ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നുള്ള മറുപടി

ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. റോഡ് പണികൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും മോണിട്ടറിംഗ് സമിതി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-20 പി. എച്ച്. സി. യിലേക്ക് ലഭിക്കേണ്ട മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല**

| പദ്ധതി നമ്പർ/പേര് | തുക | ലഭ്യമായ മരുന്നിന്റെ മൂല്യം | ബാക്കി |
|---|---|---|---|
| 14/22-23- മരുന്ന് വാങ്ങൽ | 400000 | 335371 | 64629 |

തൻവർഷം മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയ്ക്ക് മേൽ തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മേൽ ചേർത്തിരിക്കുന്ന പ്രകാരം തുക നല്കിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ 362400180000019). എന്നാൽ ₹335371/-ന്റെ മരുന്നുകളാണ് നാളിതുവരെയും ലഭ്യമായിട്ടുള്ളത്. ₹64629/- യുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 വൈദ്യുതി കുടിശ്ശിക ഈടാക്കിയിട്ടില്ല**

ഇടവെട്ടി ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയുടെ ഉടമസ്ഥതയിലുള്ള 4/65 ബി നമ്പർ കെട്ടിടം ശ്രീമതി മോളി രാജു, എടാട്ട്, മുതലക്കോടം എന്നയാൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതായിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയതുമൂലം ഗ്രാമ പഞ്ചായത്തിന് ₹5244/-യുടെ റെവന്യൂ റിക്കവറി നോട്ടീസ് ലഭിക്കുകയും ചെയ്തു. കുടിശ്ശിക തുക വാടകക്കാരിയിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 5.12.2022-ലെ 23/1 നമ്പർ ആയി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ₹5244/- വാടകക്കാരിയിൽ നിന്നും ഈടാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/27.10.23) വാടകക്കാരിക്ക് പല തവണ നോട്ടീസ് നൽകിയിരുന്നെന്നും 03.11.2023നകം കുടിശ്ശിക തുക ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വൈദ്യുതി കുടിശ്ശിക വാടകക്കാരി ഒടുക്കിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-22 ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് ശുഷ്ക്കമാണെങ്കിലും ചെലവ് ചുരുക്കൽ നടപടികൾ സ്വീകരിക്കുന്നില്ല**

തനതുഫണ്ട്, വിവിധോദ്ദേശ്യ ഗ്രാന്റുകൾ, വിവിധ ഡെപ്പോസിറ്റ് തുകകൾ എന്നിവയുൾപ്പെടെ ഗ്രാമ പഞ്ചായത്തിന്റെ 31.03.2023-ലെ നീക്കിയിരിപ്പ് തുക ₹90,31,191/-യാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട ബാധ്യതയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | തുക(₹) |
|---|---|
| വിവിധോദ്ദേശ്യ ഗ്രാന്റുകൾ (ബി-4 ഷെഡ്യൂൾ) | 9478636 |
| വിവിധ ഡെപ്പോസിറ്റ് തുകകൾ (B7) | 400277 |
| പെൻഷൻ കോൺട്രിബ്യൂഷൻ(578746+20214) | 598960 |
| (പഞ്ചായത്ത് മുനിസിപ്പൽ എംപ്ലോയ്സ് പ്രൊവിഡണ്ട് ഫണ്ടിനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക) ലൈബ്രറി സെസ്സ് | 349808 |
| ലൈബ്രറി സെസ് | 243290 |
| ആകെ | 11070971 |

വിവിധ ബാധ്യത തുകകൾ കിഴിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക (-)1592335/- യാണ്. ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് നീക്കിയിരിപ്പിന്റെ നിലവിലെ സ്ഥിതി വളരെ പരിതാപകരമാണെങ്കിലും ഗ്രാമപഞ്ചായത്ത് ചെലവ് ചുരുക്കൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നതിനായി പിരിച്ചെടുത്തിട്ടുള്ള ഗുണഭോക്തൃ വിഹിതം ₹16,37,739/- പോലും വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾ, ജനകീയ ഹോട്ടൽ, വാതിൽപ്പടി സേവനം തുടങ്ങി അനിവാര്യമായ പദ്ധതികൾക്കുവേണ്ടി തനതു ഫണ്ട് വിനിയോഗിക്കുന്നതും ഗ്രാമ പഞ്ചായത്തിന്റ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നുണ്ട്. നടപ്പുവർഷം വിവിധ കമ്മിറ്റികൾക്കും മീറ്റിംഗുകൾക്കുമായി ഭക്ഷണമിനത്തിൽ ചെലവഴിച്ചിട്ടുള്ള തുക ₹2,67,728/- യാണ്. വാഹന വാടകയിനത്തിൽ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരിധി ₹75000/- യാണെങ്കിലും തൻവർഷം വാഹന വാടകയിനത്തിൽ ₹156160/-ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല തനതു ഫണ്ടുപയോഗിച്ച് തൻ വർഷം ₹22,24,207/-യുടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റ തനതുഫണ്ട് നീക്കിയിരിപ്പിന്റ നിജസ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/27.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റ ഗ്യാപ് ഫണ്ടിനെ ആശ്രയിക്കുന്ന ഗ്രാമ പഞ്ചായത്ത് അനാവശ്യമായ ചെലവുകൾ ഒഴിവാക്കുന്നതിനും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 അനുപൂരക പോഷകാഹാര വിതരണ പദ്ധതി-ജി.എസ്.ടി. അനുവദിച്ചു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്തിന് ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഉടുമ്പന്നൂർ, ജീവൻ അമൃതം ന്യൂട്രിമിക്സ് മില്ലുംപടി എന്നീ സ്ഥാപനങ്ങൾക്ക് വിവിധ ബില്ലുകളിലായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി/നമ്പർ | ബിൽ നമ്പർ/ തീയതി | ന്യൂട്രിമിക്സ് വാങ്ങിയതിന് നല്കിയ വില | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| അനുപൂരക പോഷകാഹാര വിതരണ പദ്ധതി – SCP (S0010/23) | 22100552011900712487/ 31-10-2022/94115 | 60196(819 Kg*₹73.50) | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഉടുമ്പന്നൂർ |
| അനുപൂരക പോഷകാഹാര വിതരണ പദ്ധതി – ജനറൽ (S001/23) | 1/9/2022/ 131669<br>(Central Fund) | 58653(798kg*73.50)<br>57771 (786kg*73.50) | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഉടുമ്പന്നൂർ |
| | 22100552011900712480/ 31-10-2022/380631 | 69972 (952kg*73.50) | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഉടുമ്പന്നൂർ |
| | 7/2/2023/255537/Own Fund | 59976 (816kg*73.5)<br>49980 (680kg*73.50)<br>47848.5 (651kg*73.5)<br>54463.5 (741kg*73.5) | അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഉടുമ്പന്നൂർ<br>ജീവൻ അമൃതം ന്യൂട്രിമിക്സ് മില്ലുംപടി |
| | 13/3/2023/240682/Central Share | 57771 (786kg*73.5) | ജീവൻ അമൃതം ന്യൂട്രിമിക്സ് മില്ലുംപടി |
| S0017/23 അനുപൂരക പോഷകാഹാര വിതരണ പദ്ധതി – SCP Spill Over | 22100552011900133338/ 24/05/2022/89866 | 14700 (200kg*73.50) | ജീവൻ അമൃതം ന്യൂട്രിമിക്സ് മില്ലുംപടി |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/ത.സ്വ.ഭ.വ. പ്രകാരം അമൃതം നുട്രീമിക്സിന്റെ വില 5% ജി.എസ്.ടി. ഉൾപ്പെടെ ₹73.50/- യാണ്. കേന്ദ്ര സർക്കാർ സർക്കുലർ നം.149/05/2021 ജി.എസ്.ടി. തിയതി 17-6-2021 പ്രകാരം അംഗൻവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭക്ഷണവിതരണ സേവനങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ മേൽ സ്ഥാപനങ്ങളുടെ ബില്ലിൽ പ്രസ്തുത സ്ഥാപനങ്ങൾ ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നും ഉപഭോക്താക്കളിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാൻ Eligible അല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിയമാനുസൃതം ജി.എസ്.റ്റി. ഈടാക്കാൻ അവകാശമില്ലാത്ത സ്ഥാപനത്തിന് ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക അനുവദിച്ചത് ക്രമവിരുദ്ധമാണ്.

ബിൽ ഓഫ് സപ്ലൈ പ്രകാരം ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുകയാണ് (₹73.50/-) നുട്രീമിക്സ് വിതരണം നടത്തിയ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി. കോംപോസിഷൻ സ്കീം പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന് സ്ഥാപനത്തിന്റെ GSTIN (32DCBPS4657F1ZL) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു; ഇത്തരമൊരു സ്ഥാപനത്തിന് ഉപഭോക്താക്കളിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാൻ കഴിയില്ല (2017-ലെ കേരളാ ഗുഡ്സ് ആന്റ് സർവീസ് ടാക്സ് റൂൾസ് – ചാപ്റ്റർ 2 (5) (F,G)). അമൃതം നുട്രീമിക്സിന്റെ വില ₹73.50/- എന്ന് സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 5% ജി.എസ്.റ്റി. കൂടി ഉൾപ്പെട്ടതാണ്. ഇത് നൽകേണ്ടത് ടാക്സ് ഇൻവോയ്സ് പ്രകാരം ജി.എസ്.റ്റി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾക്കുമാത്രമാണ്. അതിനാൽ ജി.എസ്.റ്റി കോമ്പോസിഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത സ്ഥാപനത്തിന് 5% ജി.എസ്.റ്റി. ഉൾപ്പെടെയുള്ള തുക അനുവദിച്ചത് നിയമാനുസൃതമല്ല. ജി.എസ്.റ്റി. ഇനത്തിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം അതിനനുസരിച്ചുള്ള നുട്രീമിക്സ് സ്ഥാപനത്തിൽ നിന്ന് തുടർവർഷങ്ങളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

**1-24 ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കുന്നതിനായി (പ്രോജക്ട് നം.164/23) പഴശ്ശി എക്കോ ടൂറിസം & റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി (PETARDS) എന്ന സ്ഥാപനത്തിന് ചെക്ക് നം.390721/14.6.2022 പ്രകാരം ആദ്യ ഗഡുവായി ₹300000/- നൽകിയിട്ടുണ്ട്. ₹500000/-യാണ് പദ്ധതി പൂർത്തീകരണത്തിനായി വകയിരുത്തിയിക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി ജൈവ വൈവിധ്യ ബോർഡ്, PETARDS എന്നിവരുമായി ഗ്രാമപഞ്ചായത്ത് 11.10.2021-ൽ ത്രികക്ഷി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം പദ്ധതി ഒരു വർഷത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും നാളിതുവരെയും പൂർത്തീകരണം സാധ്യമായിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം ഗ്രാമ പഞ്ചായത്തുമായി ആശയവിനിമയം നടത്തുകയോ പദ്ധതി പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടുകൾ നൽകുകയോ ചെയ്യുന്നില്ല. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് 25.01.2023-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ജൈവ വൈവിധ്യ ഉദ്യാനം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-25 ISO സർട്ടിഫിക്കേഷൻ പുതുക്കൽ-അപാകതകൾ**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നം | 12/2023 |
| പദ്ധതി അടങ്കൽ | ₹300000/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | ₹136202/- |

നോട്ടീസ് ബോർഡുകൾ, സൈൻ ബോർഡുകൾ, ഡോക്യുമെന്റേഷൻ ബോർഡുകൾ എന്നിവ സ്ഥാപിക്കൽ, റെക്കോർഡ് റൂമിൽ സ്റ്റീൽ റാക്ക് സജ്ജീകരണം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

പുതുക്കുന്നതിന് കൺസൽട്ടിംഗ് സ്ഥാപനത്തിന് തുക നൽകൽ എന്നിവയായിരുന്നു പദ്ധതി പ്രവർത്തനങ്ങൾ. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ചെലവ് തുക പൊരുത്തപ്പെടുന്നില്ല

സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള (സുലേഖ) പദ്ധതി ചെലവ് ₹136232/- യാണ്. എന്നാൽ പദ്ധതിക്കായി ₹161575/- ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെലവിനം | ചെക്ക് നം/ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| വിവിധ ബോർഡുകൾ തയ്യാറാക്കിയതിന് സൂം ഗ്രാഫിക്സിന് നൽകിയ തുക | 840074/3.11.22 | ₹78500/- | -- |
| പി.കെ. ബഷീറിനു നൽകിയ തുക | 16025/14.10.22 | ₹21600/- | ചെലവു വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| ഓഫിസ് ക്ലീനിംഗ് | 16030/26.10.22 | ₹11475 | ചെലവു വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| Zealous കൺസൽട്ടൻസിക്കു നൽകിയ തുക | 16045/24.11.22 | ₹25000/- | -- |
| Tata Project Ltd TQ സർവ്വീസസിനു നൽകിയ തുക | 16064/27.12.22 | ₹25000/- | -- |
| ആകെ | | ₹161575/- | -- |

പദ്ധതി ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹33075/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 തൊഴിലുറപ്പു പദ്ധതി-മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമല്ല**

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പു പ്രവർത്തനങ്ങളിൽ ഫലപ്രദമായ മോണിട്ടറിംഗ് സംവിധാനം നിലവിലില്ലെന്ന് കാണുന്നു. തൊഴിലാളികൾക്ക് വേതനം നൽകുന്നതിലും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലും തികഞ്ഞ അലംഭാവമാണുണ്ടായിട്ടുള്ളത്. ചെയ്യാത്ത പ്രവൃത്തികൾക്ക് പല ഗുണഭോക്താക്കളുടെയും അക്കൗണ്ടുകളിലേക്ക് തുക തെറ്റായി ക്രഡിറ്റ് ചെയ്യുകയും പിന്നീട് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്.2020-21 വർഷം അസീസ്, അനീഷ്, മിസിരി, നിഷാദ് എന്നിവരുടെ അക്കൗണ്ടുകളിലേക്ക് തെറ്റായി ക്രഡിറ്റ് ചെയ്ത തുക തിരികെ ഈടാക്കുന്നതിനായി ഓംബുഡ്സ്മാനെ പോലും സമീപിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.ശ്രീ മജീദ് കൊച്ചുകോണിക്കൽ, ശ്രീ ഷമ്മാസ് കൊച്ചുകോണിക്കൽ എന്നീ തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന ₹16920/- മറ്റൊരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് തെറ്റായി ക്രഡിറ്റ് ചെയ്തിരുന്നത്.പിന്നീട് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നാണ് തുക തിരികെ ഈടാക്കിയിട്ടുള്ളത്.ബോർഡ് സ്ഥാപിക്കൽ കിണർ നിർമ്മാണം എന്നീ പ്രവൃത്തികളിൽ അർഹതയില്ലാതെ നൽകിയ ₹56665/- റീഫണ്ടു ചെയ്തു കിട്ടിയത് തൊഴിലുറപ്പു പദ്ധതി സ്റ്റേറ്റ് മിഷനിലേക്ക് തിരിച്ചടച്ചിട്ടില്ല. സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഹരിതം ഏജൻസിസ് തൊടുപുഴ എന്ന സ്ഥാപനം വർക്ക് സൈറ്റിൽ ബോർഡുകൾ കോൺക്രീറ്റ് ചെയ്തു ഉറപ്പിക്കാത്തതുമൂലം CIB യുമായി ബന്ധപ്പെട്ട തുക നാളിതുവരെയും പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശത്തെ തുടർന്ന് പാസ്സാക്കി നൽകിയിട്ടുമില്ല. മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും മോണിട്ടറിംഗ് സംവിധാനങ്ങൾ ഫലപ്രദവുമാക്കേണ്ടതാണ്.

**1-27 ISO സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള ഫയൽ സജ്ജീകരണം - അപാകതകൾ**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |

| | |
|---|---|
| പ്രോജക്ട് നം | 68/23 |
| പദ്ധതി അടങ്കൽ | ₹100000/- (തനതു ഫണ്ട്) |
| പദ്ധതി ചെലവ് | ചെക്ക് നം. 15991 /5.8.22; ₹39600/-<br>ചെക്ക് നം. 15993/8.8.22; ₹54000/- |

ഇടവെട്ടി ഗ്രാമപഞ്ചായത്ത് ഐ.എസ്.ഒ. സർട്ടിഫിക്കേഷനായി പഞ്ചായത്ത് ഓഫിസിലെ ഫയലുകളും വൗച്ചറുകളും വർഷം, കാറ്റഗറി എന്നിവ തിരിച്ച് ബോക്സ് ഫയലാക്കി തൊഴിലാളികളെ ഉപയോഗിച്ച് മുകളിലത്തെ നിലയിൽ എത്തിച്ചതിനുള്ള കൂലി ചെലവായിട്ടാണ് മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴപ്പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ ഏകദേശ ചെലവ് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

2. ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

3. തൊഴിലാളികളുടെ മസ്റ്റർ റോളിൽ എക്സിക്യൂട്ടീവ് അധികാരി ഒപ്പുവച്ചിട്ടില്ല

4. പദ്ധതി ചെലവ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയും കോട്ടേഷൻ നടപടികൾ സ്വീകരിക്കാതെയും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയുമുള്ള ₹93600/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം.8/27.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-28 ഓഫിസ് നവീകരണം-വാങ്ങിയ ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല</u>

ഓഫിസ് നവീകരണത്തിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകളിലുൾപ്പെടുത്തി ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് എൻട്രി വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ഫർണീച്ചറുകൾ സപ്ലൈ ചെയ്ത സ്ഥാപനം | ഇൻവോയ്സ് നം/ തീയതി | വാങ്ങിയ ഫർണീച്ചറുകൾ | |
|---|---|---|---|---|
| | | | ഇനം | തുക(₹) |
| ഓഫീസ് നവീകരണം (33/23) | സിഡ്കോ തൊടുപുഴ | 113/22.3.22 | സെക്രട്ടറിക്ക് മേശ – 1 | 33150 |
| | | | സൈഡ് മേശ – 1 | 14206 |
| | | | സോഫ – 1 | 28500 |
| | | | റിവോൾവിംഗ് ചെയർ – 12 | 71712 |
| ഓഫിസ് നവീകരണം – പ്രസിഡണ്ട് & വൈസ് പ്രസിഡണ്ട് (32/23) | സിഡ്കോ തൊടുപുഴ | 138/30.3.22 | ഗ്ലാസ് ഡോർ – 2 | 33500 |
| | | | മെമ്പർമാർക്കുള്ള മേശ – 1 | 49755 |
| | | | പ്രസിഡണ്ട് ചെയർ – 1 | 12850 |
| | | | എക്സിക്യൂട്ടിവ് റിവോൾവിംഗ് ചെയർ – 4 | 32096 |
| | | | മെമ്പർമാർക്കുള്ള ചെയർ – 4 | 27200 |
| | | | സന്ദർശകർക്കുള്ള ചെയർ – 6 | 26280 |
| | | | L Shape മേശ – 1 | 55910 |
| | | | വൈസ് പ്രസിഡണ്ടിനുള്ള മേശ – 1 | 41550 |
| | | | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്കുള്ള മേശ – 3 | 49500 |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**1-29 ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കേരള ഐ.ടി മിഷനിൽ നിന്നും ലഭ്യമായ കമ്പ്യൂട്ടർ മാസങ്ങൾക്കുളളിൽ പ്രവർത്തനരഹിതമായി**

ഘടക സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം.139/22) 8 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ബിൽ നം. 2100552016201522781/30.3.22 പ്രകാരം ₹318376/- കേരള സ്റ്റേറ്റ് ഐ. ടി മിഷന് മുൻകൂറായി നൽകിയിരുന്നു. 30.03.22 ൽ തുക മുൻകൂറായി നൽകിയിരുന്നെങ്കിലും 25.09.2023ൽ മാത്രമാണ് കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുള്ളത്. കമ്പ്യൂട്ടറുകളുടെ വില വ്യത്യസം മൂലം 8 കമ്പ്യൂട്ടറുകൾക്കു പകരം 7 കമ്പ്യൂട്ടറുകളാണ് ലഭ്യമായിട്ടുള്ളത്. ഇൻവോയ്സ് നം.48897/12.06.23 പ്രകാരം കമ്പ്യൂട്ടറുകളുടെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹313985/- യാണ്. ഐ. ടി മിഷന് അധികമായി നൽകിയ ₹4391/- (318376-313985) റീഫണ്ടു ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് ഐ .ടി മിഷനിൽ നിന്നും 25.09.2023ൽ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ ലഭ്യമായി ആദ്യമാസത്തിനുള്ളിൽ തന്നെ B54FO700 സീരിയൽ നമ്പർ ഉള്ള M200 മോഡൽ Acer കമ്പ്യൂട്ടർ പ്രവർത്തനക്ഷമമല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഐ.ടി മിഷന്റെ പ്രഫോർമ ഇൻവോയ്സിൽ കമ്പ്യൂട്ടറിന് 5 വർഷത്തെ വാറന്റി വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കേടായ കമ്പ്യൂട്ടർ മാറ്റി പുതിയത് വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**1-30 വനിതകൾക്ക് കറവപ്പശുവിന് കാലിത്തീറ്റ വിതരണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**

| | |
|---|---|
| പദ്ധതി നമ്പർ | 73/22-23 |
| പദ്ധതി | വനിതകൾക്ക് കറവപ്പശുവിന് കാലിത്തീറ്റ വിതരണം – ജനറൽ |
| ചെലവ് | ₹906300/- (ഗുണഭോക്തൃ വിഹിതം) |

തൻവർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വനിതകൾക്ക് കറവപ്പശുവിന് കാലിത്തീറ്റ വിതരണം പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ ₹906300/- പിരിച്ച് കേരള ഫീഡ്സിന് തുക നല്കിയിട്ടുണ്ട്. ബിൽ നം.23100552016300116261/23.05.23 പ്രകാരം വികസന ഫണ്ടിൽ നിന്ന് ₹887700/- യും പദ്ധതിയ്ക്കായി 2023-24 ലും ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ ഫീഡിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. തിയതി തുക | ലഭ്യമായ കാലിത്തീറ്റ |
|---|---|
| KFLPI-22-23-057458/13-3-23/448500 | 300 Bag |
| So-22-23-55844/21-2-23/149500 | 100 Bag |
| Kflpi-22-23-051138/10-2-23/299000 | 200 Bag |
| KFLPI-22-23-047411/ 23-1-23/448500 | 300 Bag |
| KFLPI-22-23-043062/448500 | 300 Bag |

സ.ഉ (കൈ) നം.115/2022/LSGD തി 28-5-2022 പ്രകാരം കറവയുള്ള പശുവിന് ഒരുമാസം പരമാവധി 100 കിലോ കാലിത്തീറ്റ നല്കാവുന്നതും ക്ഷീരസംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം രേഖപ്പെടുത്തി കൃത്യമാക്കിയിട്ടില്ല. കേരള ഫീഡ്സുമായിട്ടുള്ള കരാറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി 5/2023-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ് എന്നാൽ ചാക്ക് ഒന്നിന് ₹20/- വീതമുള്ള കൈകാര്യ ചെലവും ചാക്ക് ഒന്നിന് ₹10/- വീതമുള്ള ഇൻസെന്റീവും കേരള ഫീഡ്സിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും കേരള ഫീഡ്സിൽ നിന്ന് ലഭിക്കുവാനുള്ള തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിൽ തുടർ മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതാണ്.

**1-31 വീട് വാസയോഗ്യമാക്കൽ പദ്ധതി-പണി പൂർത്തീകരിച്ചില്ല**

**1.**

| | |
|---|---|
| പ്രോജക്ട് നം | 43/23 |
| പദ്ധതി | വീട് വാസയോഗ്യമാക്കൽ – എസ്.സി.പി |
| അടങ്കൽ | 18,00,000/- |
| ചെലവ് | 12,00,000/- |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ₹50,000/- വീതം വീട് വാസയോഗ്യമാക്കുന്നതിന് കൈമാറിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | ഫണ്ടിനം |
|---|---|---|
| കുമാരൻ കെ.ആർ, കാരകുന്നേൽ, ഇടവെട്ടി (എസ്.ടി) | 50000 | പ്ലാൻ(TSP) |
| സന്തോഷ് റ്റി. കെ, തൊട്ടിപറമ്പിൽ, മുതലക്കോടം പി.ഒ. (എസ്.ടി.) | 50000 | പ്ലാൻ (TSP) |

തുക കൈമാറിയിട്ട് 7 മാസം കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റൊരു നടപടികളും ഫയലിൽ കാണുന്നില്ല. പ്രസ്തുത ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്നും ₹50,000/- തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.18/30.10.23) നൽകി. പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, നിലവിൽ ഫണ്ടിന്റെ അപര്യപ്തമൂലം അവസാന തുക നൽകാൻ സാധിച്ചിട്ടില്ലായെന്നും അറിയിച്ചു. ആയതിനാൽ പണി പൂർത്തീകരിച്ചതിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നം | 81/23 |
| പദ്ധതി | വീട് വാസയോഗ്യമാക്കൽ – ജനറൽ |
| അടങ്കൽ | 5,50,000/- |
| ചെലവ് | 3,37,500/- |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ₹12,500/- വീതം വീട് വാസയോഗ്യമാക്കുന്നതിന് കൈമാറിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | | ഫണ്ടിനം |
|---|---|---|---|
| നിഷാദ് വി.പി, വടക്കേൽ, ഇടവെട്ടി (ജനറൽ) | 12500 | 39/15.3.23 | പ്ലാൻ (ജനറൽ) |
| പാത്തുകുഞ്ഞ് ബഷീർ<br>മരുത്തുങ്കൽ ഇടവെട്ടി (ജനറൽ) | 12500 | 41/15.3.23 | പ്ലാൻ (ജനറൽ) |

തുക കൈമാറിയിട്ട് 7 മാസം കഴിഞ്ഞെങ്കിലും മറ്റൊരു നടപടികളും ഫയലിൽ കാണുന്നില്ല. പ്രസ്തുത ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്നും ₹12,500/- തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 18/30.10.23 നൽകി. പ്രസ്തുത ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടുണ്ടെന്നും, വാല്യൂവേഷൻ എടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ആയതിനാൽ പണി പൂർത്തീകരിച്ചതിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-32 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല**

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി നീണ്ട കാലയളവ് കഴിഞ്ഞിട്ടും ഭവന നിർമ്മാണ തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

| ക്രമം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | ചെക്ക് നം./ തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | അന്നമ്മ കുരുവിള, മുരിക്കും തോട്ടത്തിൽ, ശാസ്താംപാറ (ലൈഫ് ഭവന പദ്ധതി -എസ്.ടി) | 40000 | 8/24.6.21 | പ്ലാൻ(TSP) |
| 2 | ലിബിൻ നൈനാച്ചൻ, പെരിങ്ങാട്ടിൽ, കാഞ്ഞിരപാറ (ലൈഫ് ഭവന പദ്ധതി -എസ്.ടി) | 40000 | 9/27.10.21 | പ്ലാൻ(TSP) |
| 3 | ഗിരീഷ് പി.കെ./സൗമ്യ<br>പുത്തൻപുരയിൽ<br>ഇടവെട്ടി<br>(ലൈഫ് ഭവന പദ്ധതി -എസ്.സി.) | 40000 | 10/27.10.21 | പ്ലാൻ(SCP) |
| 4 | തങ്കച്ചൻ പി.കെ<br>പഴുക്കത്തറയിൽ<br>മലങ്കര<br>(ലൈഫ് ഭവന പദ്ധതി – എസ്.സി.) | 40000 | 10/28.9.21 | പ്ലാൻ(SCP) |

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/30.10.23) മറുപടിയായി ക്രമ നം.1 ലെ ഗുണഭോക്താവിൽ നിന്നും പണി ആരംഭിക്കാത്തതിനാൽ തുക തിരികെ ഈടാക്കുന്നതിന് തീരുമാനം എടുത്തുതായും, ക്രമ നം 2 ലെ പ്രകാരമുള്ള ഗുണഭോക്താവിന്റെ സ്ഥലത്ത് മണ്ണ് ഇടിഞ്ഞു പോയതിനാൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും സ്ഥലം കല്ല് കെട്ടി ശരിയാക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെന്നും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കുമെന്നും, ക്രമ നം 3,4 എന്നിവർ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പണി ആരംഭിക്കാത്ത ലൈഫ് ഗുണഭോക്താക്കളിൽ നിന്നും ആദ്യഗഡു പലിശസഹിതം തിരികെ ഈടാക്കി സർക്കാറിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-33 ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയില്ലാത്ത ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കി

സർക്കാർ മാർഗ നിർദ്ദേശങ്ങൾ പ്രകാരം LP സ്കൂളുകളുടെ പ്രവൃത്തികൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ചെയ്യാൻ അനുമതിയുള്ളത്. എന്നാൽ 2022-23-ൽ അസി. എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കല്ലാനിക്കൽ ഹയർ സെക്കന്ററി സ്കൂൾ ടോയ്‌ലറ്റിൽ ടൈൽ പാകൽ (93/23) എന്ന പ്രവൃത്തി ഏറ്റെടുത്ത് ₹81406/- ചെലവ് ചെയ്തിട്ടുണ്ട് (₹77690/- + GST ₹2726/- ചെക്ക് നം.344423/3.4.2023). ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയത് സംബന്ധിച്ച് 30.10.2023-ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നം.22)-ക്ക് മറുപടി ലഭ്യമാക്കിയില്ല. ₹81406/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിക്കുന്നത്

2022-23 വർഷത്തെ വാർഷിക കണക്കിലെ ബി-4 പത്രിക പ്രകാരം വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ആകെ നീക്കിയിരിപ്പ് തുക ₹9,478,636.00 ആകുന്നു. എന്നാൽ 31.3.2023-ലെ ആകെ ക്യാഷ് & ബാങ്ക് നീക്കിയിരിപ്പ് ₹9,031,191.65 മാത്രമാകുന്നു. ₹447445/- യുടെ കുറവ് സംഭവിച്ചിട്ടുണ്ട്. തുകകൾ വകമാറ്റി ചെലവഴിച്ചതായി കാണുന്നു. ഓരോ പദ്ധതികൾക്കുമായി ലഭിക്കുന്ന തുകകൾ യഥാസമയം ചെലവഴിക്കാതെ അവശേഷിക്കുന്നതും, തുക വകമാറ്റി ചെലവഴിക്കുന്നതും

ഗുരുതരമായ അപാകതയായി കാണുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിവരങ്ങളുടെ ACR സൂക്ഷിക്കുന്നില്ല. ജനറൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-35 തൊണ്ടിക്കുഴ യുപി സ്കൂൾ കഞ്ഞിപ്പുര നിർമ്മാണം - അധികം തുക നൽകി**

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ തൊണ്ടിക്കുഴ യു. പി. സ്കൂൾ കഞ്ഞിപ്പുര നിർമ്മാണം (163/23) പദ്ധതിയിൽ ഗ്രാനൈറ്റ് ബോർഡ് നിർമ്മിക്കുന്നതിന് ₹2587/- വകയിരുത്തുകയും കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വൗച്ചർ നം. 22200916/10.3.23 പ്രകാരം ഇതേ പ്രവർത്തിക്കായി 7474/- തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വീണ്ടും നൽകിയിട്ടുണ്ട്. ഇപ്രകാരം തുക അധികം നൽകിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/28-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹7474/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-36 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായില്ല**

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രൊജക്റ്റ്, നമ്പർ | മരുന്ന് വാങ്ങൽ ഹോമിയോ, 3/23 |
| അടങ്കൽ | ₹200,000/- |
| ചെലവ്<br>ബിൽ നമ്പർ, തീയതി, തുക | 22100552016401063242/<br>19-01-23 / ₹2,00,000/- |

മേൽ സൂചിപ്പിച്ച പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി മാനേജിങ്ങ് ഡയറക്ടർ, ഹോംകോയുടെ അക്കൗണ്ടിലേക്ക് ₹200,000/- നൽകിയിട്ടുണ്ട്. എന്നാൽ ₹64184/- നുള്ള മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ₹135816/- നുള്ള മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരമറിയിക്കേണ്ടതാണ്.

**1-37 പദ്ധതി തുകയിൽ നിന്നും TDS കുറവ് ചെയ്തില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 05/23 |
| | എസ്. സി. വിഭാഗത്തിന് വാട്ടർ ടാങ്ക് |
| അടങ്കൽ | 300000/- |
| ചെലവ് | 292425/-<br>ബിൽ നമ്പർ-0046EATPAYREQ300320233489/30-3-23/219300/-<br>ബിൽ നമ്പർ-CMS 3213810765/31-3-23/73125 |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം Proxima Trade Links എന്ന സ്ഥാപനത്തിന് ₹292425/- കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും നിയമാനുസൃതമുള്ള 2% TDS കുറവ് ചെയ്തിട്ടില്ല. ആയതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/30-10-23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും TDS ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയ രേഖയുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 781005 | ലൈഫ് ഭവന പദ്ധതി ജനറൽ(63/23) | 781005 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 345000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(11/23) | 345000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 620000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി(79/23) | 620000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 42063 | ജവഹർ ഭവന പദ്ധതിയുടെ വായ്പ പലിശ(56/23) | 42063 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 491398 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(138/23) | 491398 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 115000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(11/23) | 115000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണ ഭവന പദ്ധതി(169/23) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 280000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(143/23) | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 80000 | ലൈഫ് ഭവന പദ്ധതി ജനറൽ(63/23) | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | ലൈഫ് ഭവന പദ്ധതി എസ്.സി.പി(79/23) | 250000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം | പ്രോജക്ട് നം.& പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക (₹) | ബിൽ വിവരങ്ങൾ | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം(164/23) | പഴശ്ശി എക്കോ ടൂറിസം & റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി | 300000 | ചെക്ക് നം. 390721/14.6.22 | ലഭ്യമല്ല | ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് LIFE-ഭവന പദ്ധതിക്കുള്ള HUDCO വായ്പയിനത്തിൽ ₹660,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 294086/DB.1/2015 ത.സ്വ.ഭ.വ/ തീ. 30-09-2015 | 5200000 | 0 | 2080000 | 520000 | 00 | 1560000 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018/ എൽ.എസ്.ജി.ഡി തീ. 11.09.2018 | 17406718 | 660000 | 14967307 | 1948455 | 00 | 13678852 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 41710/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2016-2017 | 3-1 | 8342 | ശ്രീ പ്രകാശ് പി | 1220104318/15.3.23 |
| 2016-2017 | 3-1 | 8342 | ശ്രീമതി സീന നവാസ് | 121020102518/14.11.2022 |
| 2016-2017 | 3-1 | 8342 | ശ്രീ സിബി ജോസ് | 121020102445/11.11.2022 |
| 2016-2017 | 3-1 | 8342 | ശ്രീമതി ബീവി സലിം | 121020102412/11.11.2022 |
| 2016-2017 | 3-1 | 8342 | ശ്രീമതി അശ്വതി ആർ. നായർ | 121020102446/11.11.2022 |

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 26 | 2002-03 | 6(5)(1) | വിവിധ വാർഡുകളിൽ ലൈൻ സ്ഥാപിക്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | ബഹു. സമിതി തീർപ്പ് കൽപ്പിച്ചില്ല |

**4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

എ) **ചാർജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

(ബി) **സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി ആയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2006-07 | 3-4 (പാർട്ട്) | ലിയോണി തോമസ്, കൃഷി ആഫീസർ, കൃഷി വകുപ്പ് | LF.21109/ സ്പെ.സെൽ SC-2/09/ 29-04-2013 | 3350 | | | |

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | ₹8607206.65 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹25480628.00 |
| ആകെ | ₹34087834.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹25056643.00 |
| നീക്കിയിരിപ്പ് | ₹9031191.65 |
| കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2,15,555/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

**ഇല്ല.**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹33075/- | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 1-27 | ₹93600/- | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| 1-33 | ₹81406/- | ശ്രീ. കെ.ജി വേണുഗോപാൽ, അസി.എഞ്ചിനിയർ |
| 1-35 | ₹7474/- | ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി |
| **ആകെ** | ₹215555/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– – ഇല്ല – –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– – ഇല്ല – –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ. പി. എം. അബ്ദുൾ സമദ്, സെക്രട്ടറി | സെക്രട്ടറി, ഇടവെട്ടി ഗ്രാമപഞ്ചായത്ത് | പഴേരിയിൽ ഇടവെട്ടി പി. ഒ. തൊടുപുഴ |
| ശ്രീ. കെ.ജി വേണുഗോപാൽ അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ഇടവെട്ടി ഗ്രാമപഞ്ചായത്ത് | കൊച്ചേരിൽ, കൂടക്കുളം പി.ഒ, കോട്ടയം |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2006-2007 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2006-07) അദാ./22 തീ 3/9/22 | 1 | 3-4, |
| 2010-2011 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2010-11) അദാ./22 തീ 3/9/22 | 2 | 3-14,<br>3-18 |
| 2016-17 | കെ.എസ്.എ/ഐ.ഡി.കെ-പി3/1282(2016-17) അദാ./22 തീ 3/9/22 | 2 | 2-4, 3-1 |
| 2019-20 | കെ. എസ്.എ-ഐ.ഡി.കെ-9/28/22തീ.03.03.2022 | 22 | 1-1,1-3,1-8 മുതൽ 1-20 വരെ,1-21-1,1-21-2, 1-21-3,1-22,1-23,3-1,3-2,3-3 |
| 2020-21 | കെ. എസ്.എ-ഐ.ഡി.കെ-9/29/2022 തീ.2.06.2022 | 23 | 1-1,1-3,1-4,1-8മുതൽ1-25 വരെ,2-1,3-1 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 05-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Edavetty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edavetty Grama Panchayat for the year 2022-2023

**Date: 28/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Edavetty Grama Panchayat for the Year 2022-2023.

**1.Major Observations**

1) All mandatory financial statements prescribed in accounting rules are not submitted for audit.
2) Non disclosure of assets.Asset register is not comprehensive and up to date.

**2.Other Observations**

1. Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2. Misclassification of receipt voucher.
3. Misclassification of payment voucher.
4. Demand register does not match with financial statements.
5. Lapses in making timely and accurate demand entries in respect of tax and non-tax revenue.
6. Demand registers are not periodically reconciled with accounts.
7. Depreciation provided for the Assets is not correct.
8. Grant liability amount shown as liability in Balance Sheet (B-4 schedule) does not match with bank account .

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടവെട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്